പലർക്കുംവേണ്ടി ഉറക്കപ്പെട്ടും. പൂജപ്പുരയിൽ പുതിയ സെല്ലുകൾ പണിയേണ്ടി വരുമോയെന്നാണ് എനിക്ക് സംശയം. 'ഉപ്പ് തിന്നുന്നവൻ വെള്ളം കുടിക്കും' എന്ന ചൊല്ല് വെറുതെയല്ല. ജീവിതാനുഭവങ്ങളിൽ നിന്ന് ഊറിക്കൂടിയ സത്യവാചകമാണത്. അത് സത്യമായി വരാതിരിക്കാൻ കഴിയില്ല, അത് സംഭവിക്കുക തന്നെ ചെയ്യും. ശ്രീ. ബാബുവിന്റെ കോഴ സംബന്ധിച്ച് ചർച്ച ചെയ്താൽ ഭരണപക്ഷത്തിരിക്കുന്ന പലരുടേയും ചെമ്പുതെളിയും. പലരുടേയും മുഖം വികൃതമാകും. എത്രവന്നാലും നാണം തോന്നാത്ത ശ്രീ. ഉമ്മൻ ചാണ്ടിയുടെ നെഞ്ചിടിപ്പുപോലും കൂട്ടും. അതുകൊണ്ടാണ് നിങ്ങൾ ഈ ഗുരുതരമായ പ്രശ്നം ചർച്ച ചെയ്യാൻ തയ്യാറാകാത്തതെന്നാണ് ഞാൻ സൂചിപ്പിക്കുന്നത്. ഇതുസംബന്ധിച്ച് ഒരു തീരുമാനം വേണം. ഞങ്ങൾ വാക്കൗട്ട് ചെയ്യുകയല്ല, ഇവിടെത്തന്നെ ഇരിക്കുകയാണ്.

(പ്രതിപക്ഷാംഗങ്ങൾ സീറ്റിൽനിന്നും എഴുന്നേറ്റ് ഡയസിനുമുന്നിൽ വന്നുനിന്ന് സഭാനടപടികൾ തടസ്സപ്പെടുത്തുംവിധം മുദ്രാവാക്യം വിളിച്ചു കൊണ്ടിരുന്നു)

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : എന്റെ ഓഫീസിൽ ശ്രീ. അജയഘോഷ് എന്നൊരാൾ ഉണ്ടായിട്ടില്ല.

മി. സ്പീക്കർ : പ്ലീസ്..... പ്ലീസ്..... സഭ നടത്തിക്കൊണ്ടുപോകണ്ടേ? (....ബഹളം)..... ശ്രദ്ധക്ഷണിക്കലും സബ്മിഷനുകളും റദ്ദ് ചെയ്യുന്നു.

VII മേശപ്പുറത്തുവച്ച കടലാസുകൾ

(1) ലിസ്റ്റ് -I പ്രകാരം

213-ാം അനുച്ഛേദം (2)-ാം ഖണ്ഡപ്രകാരം

I. മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

1. 2015-ലെ മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ഓർഡിനൻസ് (2015-ലെ 9-ാം നമ്പർ ഓർഡിനൻസ്)

2. 2015-ലെ കേരള സ്റ്റാമ്പ് (ഭേദഗതി) ഓർഡിനൻസ് (2015-ലെ 13-ാം നമ്പർ ഓർഡിനൻസ്)

3. 2015-ലെ കേരള ഭൂനികുതി (ഭേദഗതി) ഓർഡിനൻസ് (2015-ലെ 16-ാം നമ്പർ ഓർഡിനൻസ്)

LIBRARY ARCHIVES Kerala Legislative Assembly

II. വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു

2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഓർഡിനൻസ് (2015-ലെ 14-ാം നമ്പർ ഓർഡിനൻസ്)

III. നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

1. 2015-ലെ റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ഓർഡിനൻസ് (2015-ലെ 10-ാം നമ്പർ ഓർഡിനൻസ്)

2. 2015-ലെ കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസ് (2015-ലെ 11-ാം നമ്പർ ഓർഡിനൻസ്)

IV. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

1. 2015-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ഓർഡിനൻസ് (2015-ലെ 15-ാം നമ്പർ ഓർഡിനൻസ്)

2. 2015-ലെ കേരള പഞ്ചായത്ത്‌രാജ് (ഭേദഗതി) ഓർഡിനൻസ് (2015-ലെ 18-ാം നമ്പർ ഓർഡിനൻസ്)

V. തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

2015-ലെ കൂലികൊടുക്കൽ (കേരള ഭേദഗതി) ഓർഡിനൻസ് (2015-ലെ 17-ാം നമ്പർ ഓർഡിനൻസ്)

VI. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

2015-ലെ കേരള സ്പോർട്സ് (ഭേദഗതി) ഓർഡിനൻസും (2015-ലെ 12-ാം നമ്പർ ഓർഡിനൻസ്) തിരുത്തൽ വിജ്ഞാപനവും.

LIBRARY ARCHIVES Kerala Legislative Assembly